# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4875 04.07.2012-ൽ മറുപടിയ്ക്ക്

**കഞ്ചിക്കോട് കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ട നടപടി**

| ചോദ്യം<br>ശ്രീ. പി.കെ.ഗുരുദാസൻ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സർക്കാർ പദ്ധതികളുടെ തറക്കല്ലിടൽ, ഉദ്ഘാടനം, സ്കീം പ്രഖ്യാപനം എന്നിവ നടത്തുന്നതിന് മുൻപായി പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട എന്തെല്ലാം കാര്യങ്ങൾ നിർവ്വഹിക്കപ്പെട്ടിട്ടുണ്ടായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി)<br>വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) ഭരണാനുമതിയും ടെണ്ടർ നടപടി ക്രമങ്ങളും പൂർത്തിയാക്കാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര തറക്കല്ലിടലുകൾ നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; വിശദമായ സ്കീം തയ്യാറാക്കി അനുമതി നൽകി ഉത്തരവാകാതെ എത്ര സ്കീം പ്രഖ്യാപിക്കുകയുണ്ടായി; | |
| (സി) കഞ്ചിക്കോട് കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിന് ശേഷമാണോ ഇതിന്റെ തറക്കല്ലിട്ടിരിക്കുന്നത്? | (സി) പാലക്കാട് റെയിൽ കോച്ച് ഫാക്ടറി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ്. 21.02.2012-ന് റെയിൽവേയുടെ സംഘാടനത്തിൽ ഇതിന്റെ ശിലാസ്ഥാപനം മുൻ കേന്ദ്ര റെയിൽവേ മന്ത്രി നിർവ്വഹിച്ചു. പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെയുള്ള കൂട്ടുസംരംഭമായിരിക്കുമെന്നും പങ്കാളിത്ത കമ്പനിയെ കണ്ടെത്തുവാനുള്ള ഇന്റർനാഷണൽ കോമ്പറ്റിറ്റീവ് ബിഡിങ് നടപടിക്രമങ്ങൾ തുടങ്ങിക്കഴിഞ്ഞുവെന്നും റെയിൽവെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ